# സെക്കണ്ടറി
# മലയാളം (232)
# MALAYALAM
# നിർദ്ദിഷ്ട പഠനപ്രവർത്തനം
## Tutor Marked Assignments

പരമാവധി മാർക്ക് : 20
Max Marks : 20

---

**കുറിപ്പ് :** (i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്. ഓരോ ചോദ്യത്തിനും അനുവദിച്ചിട്ടുള്ള മാർക്ക് ചോദ്യത്തോടൊപ്പം കൊടുത്തിരിക്കുന്നു.

(ii) ഉത്തരക്കടലാസിന്റെ ഒന്നാം പുറത്ത് നിങ്ങളുടെ പേര്, റോൾ നമ്പർ, അദ്ധ്യയന കേന്ദ്രത്തിന്റെ പേര്, വിഷയത്തിന്റെ പേര് തുടങ്ങിയവ മുകൾഭാഗത്തായി എഴുതുക

**I. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) വായിച്ചു കുറിപ്പെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?

(ആധാരം : പാഠം 4) ( 2 മാർക്ക് )

(2) ഡയറിക്കുറിപ്പുകൾ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത എന്ത് ?

(ആധാരം : പാഠം 6) ( 2 മാർക്ക് )

**II. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) 2020 ൽ കേരളത്തിലുണ്ടായ കോവിഡ് മരണനിരക്കുകളാണ് താഴെ നൽകിയിരിക്കുന്നത്. പട്ടിക പരിശോധിച്ച് നിഗമനങ്ങൾ സംഗ്രഹിക്കുക ?

| പ്രായം | മരണം | ശതമാനം |
|---|---|---|
| 0 - 17 | 128 | 0.4 |
| 18 - 40 | 1282 | 3.5 |
| 41 - 59 | 7139 | 19.5 |
| 60 + | 28019 | 76.6 |

(ആധാരം : പാഠം 12) ( 2 മാർക്ക് )

(2) മണ്ണിനടിയിൽ മറഞ്ഞുകിടക്കുന്ന ചരിത്രാവശിഷ്ടങ്ങൾ ഏതെല്ലാം ?

(ആധാരം : പാഠം 11) ( 2 മാർക്ക് )

**Contact for Solutions Unnati Educations**
**9899436384, 9654279279**

**III. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ആശയങ്ങൾ സംക്ഷേപിച്ചെഴുതുക ?

ലോകത്തിലെ ഏറ്റവും വലിയ ത്യാഗിനിയാണ് മാതാവ്. തന്റെ മക്കൾക്കുവേണ്ടി എന്തു കഷ്ടമനുഭവിക്കാനും എന്തു ത്യാഗം ചെയ്യുവാനും അവർ തയ്യാറായിരിക്കും. മാതാവിനോടു നന്ദികേടു കാണിക്കുന്ന മനുഷ്യൻ ഹീനനാണ്, നികൃഷ്ടനാണ്. കള്ളനായാലും ദുഷ്ടനായാലും അമ്മയ്ക്ക് മകൻ മകൻ തന്നെ. മറ്റെല്ലാവരും നമ്മെ ത്യജിച്ചെന്നുവരാം, തള്ളിക്കളഞ്ഞെന്നുവരാം. എന്നാൽ ഏതു സന്ദർഭത്തിലും ഏതു സ്ഥിതിയിലും അമ്മയുടെ വാത്സല്യവും സഹായവും നമുക്കുണ്ടാകുമെന്നു തീർച്ചപ്പെടുത്താം.

(ആധാരം : പാഠം 13) ( 2 മാർക്ക് )

(2) "നീലകണ്ഠസ്വാമിയെപ്പോൽ
വിഷം താനേ ഭുജിച്ചിട്ടു ..... "

സൂചിതകഥ എഴുതുക ? (ആധാരം : പാഠം 20) ( 2 മാർക്ക് )

**IV. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100 - 150 വാക്കിൽ ഉത്തരമെഴുതുക.**

(1) ആശയവിപുലനം ചെയ്യുക
'പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം ' (ആധാരം : പാഠം 17 ) ( 4 മാർക്ക് )

(2) മരത്തോടു മനുഷ്യൻ ചെയ്യുന്ന ദ്രോഹങ്ങൾ മരത്തിനു സ്തുതി എന്ന കവിതയിൽ എങ്ങനെ വിശദീകരിച്ചിരിക്കുന്നു ?

(ആധാരം : പാഠം 20 ) ( 4 മാർക്ക് )

**V. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100 - 150 വാക്കിൽ ഉത്തരമെഴുതുക.**

(1) ഓണത്തിന്റെ ഒരുക്കങ്ങൾ 'എന്തെന്റെ മാവേലീ ഓണം വന്നു' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി ചുരുക്കി വിവരിക്കുക

(ആധാരം : പാഠം 1) ( 4 മാർക്ക് )

(2) ക്രോമാഗ്നോൺ മനുഷ്യരെക്കുറിച്ച് ഒരു കുറിപ്പെഴുതുക
(ആധാരം : പാഠം 11 ) ( 4 മാർക്ക് )

**VI. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 500 വാക്കിൽ ഉത്തരമെഴുതുക.**

(1) പ്രകൃതിദുരന്തത്തിൽ വീടും വസ്തുവകകളും നഷ്ടപ്പെട്ട കുടുംബത്തിന് നഷ്ടപരിഹാരം ലഭിക്കുവാൻ ജില്ലാകളക്ടർക്ക് ഒരു അപേക്ഷ തയ്യാറാക്കുക

(ആധാരം : പാഠം 9 ) ( 6 മാർക്ക് )

(2) വർദ്ധിച്ചുവരുന്ന വന്യമൃഗശല്യം ഒഴിവാക്കുന്നതിനായി നിങ്ങളുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഉപന്യാസം തയ്യാറാക്കുക

(ആധാരം : പാഠം 9) ( 6 മാർക്ക് )

**Contact for Solutions Unnati Educations**
**9899436384, 9654279279**